(സി) ദേശീയ ബിൽഡിംഗ് കോഡ് പ്രകാരമുള്ള കേന്ദ്ര ചട്ടങ്ങൾ ബഹുനില കെട്ടിടങ്ങളുടെ സുരക്ഷാസംവിധാനത്തിന് നിർബന്ധമില്ലെന്നും സംസ്ഥാനത്ത് മുനിസിപ്പൽ ചട്ടം മാത്രം ബാധകമാക്കിയാൽ മതിയെന്നുമുള്ള നിയമനിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അനുമതി ലഭിക്കുവാനുള്ള 77 വൻകിട കെട്ടിടങ്ങൾ സംബന്ധിച്ചു മാത്രമാണോ പ്രസ്തുത തീരുമാനമെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) എല്ലാ വൻകിട ബഹുനില കെട്ടിടങ്ങളുടെയും സുരക്ഷാ സംവിധാനങ്ങളിൽ കേന്ദ്ര ചട്ടത്തിന് പകരം മുനിസിപ്പൽ ചട്ടമാണ് ബാധകമെന്ന നയമാണോ തുടരുകയെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ബഹുനില കെട്ടിടങ്ങളിലെ അഗ്നിശമന സംവിധാനങ്ങളെ സംബന്ധിച്ച് നാഷണൽ ബിൽഡിംഗ് കോഡിലെ Part 4 Fire & Life Safety-യിൽ പ്രതിപാദിക്കുന്നുണ്ട്.

(ബി) കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട കേന്ദ്ര ചട്ടങ്ങൾ നിലവിലില്ല.

(സി) ഉദ്ദേശ്യമില്ല.

(ഡി&ഇ) ബാധകമല്ല.

മുനിസിപ്പാലിറ്റികളിൽ പൊതുശ്മശാനങ്ങൾ

105 (3308) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഏതെല്ലാം മുനിസിപ്പാലിറ്റികളിൽ പൊതുശ്മശാനങ്ങൾ സ്ഥാപിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

47 മുനിസിപ്പാലിറ്റികളിലും 5 കോർപ്പറേഷനുകളിലുമായി 52 പൊതുശ്മശാനങ്ങൾ നിലവിലുണ്ട്. പൊതുശ്മശാനം നിലവിലുള്ള നഗരസഭകളുടെ പേര് വിവരം ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

1	തിരുവനന്തപുരം	27	ഗുരുവായൂർ
2	നെടുമങ്ങാട്	28	പാലക്കാട്
3	ആറ്റിങ്ങൽ	29	ചിറ്റൂർ-തത്തമംഗലം
4	കൊല്ലം	30	ഷൊർണ്ണൂർ
5	പുനലൂർ	31	ഒറ്റപ്പാലം
6	പത്തനംതിട്ട	32	മലപ്പുറം
7	തിരുവല്ല	33	തിരൂർ
8	ആലപ്പുഴ	34	മഞ്ചേരി
9	കായംകുളം	35	പൊന്നാനി
10	ചേർത്തല	36	പെരിന്തൽമണ്ണ
11	മാവേലിക്കര	37	കോഴിക്കോട്
12	കോട്ടയം	38	വടകര
13	ചങ്ങനാശ്ശേരി	39	കൽപ്പറ്റ
14	പാല	40	കണ്ണൂർ
15	തൊടുപുഴ	41	തലശ്ശേരി
16	കൊച്ചി	42	പയ്യന്നൂർ
17	ആലുവ	43	കൂത്തുപറമ്പ്
18	പെരുമ്പാവൂർ	44	കാസർഗോഡ്
19	നോർത്ത് പറവൂർ	45	കാഞ്ഞങ്ങാട്
20	മൂവാറ്റുപുഴ	46	കരുനാഗപ്പള്ളി
21	തൃപ്പൂണിത്തുറ	47	മരട്
22	കളമശ്ശേരി	48	നിലമ്പൂർ
23	തൃശ്ശൂർ	49	നീലേശ്വരം
24	കുന്നംകുളം	50	ഏലൂർ
25	ചാലക്കുടി	51	തൃക്കാക്കര
26	കൊടുങ്ങല്ലൂർ	52	ചാവക്കാട്

LIBRARY ARCHIVES Kerala Legislative Assembly